## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-വിജയപുരം ഗ്രാമ പഞ്ചായത്ത്-MRF ഫാക്ടറി & അനുബന്ധ കെട്ടിട നിർമ്മാണം -ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: വിജയപുരംഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 12.12.2018 ലെ A2/10123/17 നമ്പർ കത്ത്.

================================================================

**ഉത്തരവ് നമ്പർ C/1952/18/D.Dis, തീയതി : 04.01.2019**

================================================================

കോട്ടയം ജില്ലയിലെ, വിജയപുരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിജയപുരം വില്ലേജിൽ, ബ്ലോക്ക് നമ്പർ 24 ൽ സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള റീ സർവ്വെ നമ്പരിൽ പെട്ട 120040 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിൽ 52739.4 ച.മീറ്റർ MRF ഫാക്ടറി അനുബന്ധ കെട്ടിടമുള്ള ഫാക്ടി വളപ്പിൽ നിലവിലുള്ള ടയർ പ്ലാന്റിന്റെ എക്സ്പാൻഷൻ ആയി 396.56 ച. മീറ്റർ കെട്ടിടവും ഇതിന്റെ അനുബന്ധമായി 117.7 ച.മീറ്റർ ടോയ്ലറ്റ് ബ്ലോക്കും 321.48 ച.മീറ്ററിൽ മോൾഡ് ഷോപ്പ് കെട്ടിടവും ഇതിന്റെ അനുബന്ധമായി 42.78 ച.മീറ്ററിൽ ടോയ്ലറ്റ് ബ്ലോക്കും, PCTR കെട്ടിടത്തിന്റെ എക്സ്പാൻഷനായി 708.65 ച.മീറ്റർ കെട്ടിടവും നിലവിലുള്ള ടൈം ഹൗസിന്റെ ഒന്നാം നിലയായി 199.99 ച.മീറ്റർ കെട്ടിടവും നിർമ്മിക്കുന്നതിന് KPBR-11ലെ ചട്ടങ്ങൾക്കും താഴെ ചേർക്കുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ അനുമതി നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.

2. ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ്,ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.

3. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ

പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.

6. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തണം.
7. ചട്ടം 59(10) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
8. ചട്ടം 59(11 a) പ്രകാരം ആവശ്യമായ അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
9. ചട്ടം 59(12) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷ ആവശ്യകതകളും NBC-05 ന് അനുസൃതമായിരിക്കേണ്ടതാണ്.
10. ചട്ടം 59(15) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.
11. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുമുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
12. ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും, ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പു വരുത്തണം.
13. പ്രസ്തുത വ്യവസായ സ്ഥാപനം മൂലമോ വ്യവസായ സ്ഥാപനത്തിന്റെ പ്രവർത്തനം മൂലമോ പരിസരവാസികൾക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
14. KPBR-2011, നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
15. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കാവൂ.

***"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ".***

അംഗീകരിച്ച സൈറ്റ് പ്ലാൻ 01/19/KTM ഉള്ളടക്കം ചെയ്യുന്നു.

**സുജ മത്തായി**
**ടൗൺ പ്ലാനർ**

OFFICE OF THE TOWN PLANNER PIN - 686 001 PH: 2584160 KOTTAYAM

സെക്രട്ടറി
വിജയപുരം ഗ്രാമ പഞ്ചായത്ത്. (പ്ലാൻ 1 സെറ്റ് സഹിതം)

ജനറൽ മാനേജർ
MRF ലിമിറ്റഡ്
വിജയപുരം, കോട്ടയം

MD/04.01.19